**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 86** **01-02-2023 - ൽ മറുപടിയ്ക്ക്**

**ക്രിമിനലുകളായ പോലീസുകാരെ സർവീസിൽ നിന്ന് നീക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി . ഉബൈദുള്ള ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പോലീസ് സേനയിൽ ക്രിമിനൽ സ്വഭാവമുള്ള പോലീസുകാർ ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | സംസ്ഥാന പോലീസ് സേനയിൽ ക്രിമിനൽ സ്വഭാവമുള്ള ചില പോലീസ് ഉദ്യോഗസ്ഥർ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | സ്ത്രീപീഡന കേസ്സുകളിൽ പ്രതികളായവർ സ്റ്റേഷന്റെ അധികാരികളായി പ്രവർത്തിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | സംസ്ഥാന പോലീസ് സേനയിൽ ക്രിമിനൽ സ്വഭാവമുള്ള ചില പോലീസ് ഉദ്യോഗസ്ഥർ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ക്രിമിനൽ കേസുകളിൽ പ്രതികളായവരെ സർവീസിൽ നിന്ന് നീക്കം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (സി) | ഗുരുതരമായ കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥർക്കെതിരെ സർവ്വീസിൽ നിന്ന് നീക്കം ചെയ്യുന്നതടക്കമുള്ള കർശന വകുപ്പുതല നടപടികൾ സ്വീകരിച്ചു വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 20.01.2023 വരെ ക്രിമിനൽ കേസുകളിൽ പ്രതികളായി ഉൾപ്പെട്ട 21 പോലീസ് ഉദ്യോഗസ്ഥരെ Removal/ Dismissal ചെയ്തിട്ടുണ്ട്. മറ്റ് 3 പോലീസ് ഉദ്യോഗസ്ഥർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ